പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : 1915 06.07.2015-ൽ മറുപടിക്ക്.

## ഫയർ ആന്റ് റെസ്ക്യൂ വകുപ്പിന്റെ നവീകരണം

ചോദ്യം / ഉത്തരം

ശ്രീ. ഇ.പി. ജയരാജൻ

ശ്രീ. രമേശ് ചെന്നിത്തല
(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി)

(എ) ഫയർ ആൻഡ് റെസ്ക്യൂ വകുപ്പിന്റെ നവീകരണത്തിനായി 2011-2012, 2012-2013, 2013-2014, 2014-2015 സാമ്പത്തിക വർഷങ്ങളിൽ കേന്ദ്ര ഗവൺമെന്റിൽ നിന്നും ലഭിച്ച വിവിധ ഫണ്ടുകൾ ഏതെല്ലാമാണ്; ഇപ്രകാരം എത്ര തുക ലഭിക്കുകയുണ്ടായി;

: (എ) ആധുനിക അഗ്നിരക്ഷാ ഉപകരണങ്ങളും, വാഹനങ്ങളും വാങ്ങൽ (ഒറ്റത്തവണ അധിക കേന്ദ്ര സഹായം), അഗ്നിശമന സേനയെ ശക്തിപ്പെടുത്തൽ (75% സി.എസ്.എസ്) സിവിൽ ഡിഫൻസ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പുനരുദ്ധാരണം എന്നീ പദ്ധതികളിൽ അനുവദിച്ച തുകകൾ 2011-12, 2012-13, 2013-14, 2014-15 വർഷങ്ങളിൽ സംസ്ഥാന ബഡ്ജറ്റിലൂടെ ലഭ്യമായിട്ടുണ്ട് ഇപ്രകാരം ആകെ 27,61,00,000/- രൂപ ലഭിച്ചിട്ടുണ്ട്.

(ബി) ഇതേ കാലയളവിൽ സംസ്ഥാന സർക്കാർ ഫയർ ആൻഡ് റെസ്ക്യൂ വകുപ്പിന്റെ നവീകരണത്തിനായി ചെലവഴിച്ച തുക എത്ര വീതമാണ്;

: (ബി) ഇതേ കാലയളവിൽ ഫയർ ആന്റ് റെസ്ക്യൂ വകുപ്പിന്റെ ആധുനികവത്കരണത്തിനായി സംസ്ഥാന സർക്കാർ അനുവദിച്ച 44.86 കോടി രൂപയിൽ 37.75 കോടി രൂപ വകുപ്പ് ചെലവഴിച്ചു.

(സി) ഇക്കാലയളവിൽ ഫയർ ആൻഡ് റെസ്ക്യൂ വകുപ്പിൽ നടത്തിയ നവീകരണ പദ്ധതികൾ എന്തെല്ലാമാണ്;

: (സി) ഇക്കാലയളവിൽ ആധുനിക അഗ്നിരക്ഷാ ഉപകരണങ്ങളായ അലുമിനിയം എക്സ്റ്റൻഷൻ ലാഡർ, ഫ്ളോട്ട് പമ്പ്, സീറോടോർക്ക് നോസിൽ, ഫോം മേക്കിംഗ് ബ്രാഞ്ച് പൈപ്പ്, ചെയിൻ സാ, എമർജൻസി ടെണ്ടറുകൾ, റബർ ഡിങ്കി, ലൈഫ് ജാക്കറ്റ്, ഡൈവിംഗ് സ്യൂട്ട്, ജനറേറ്റർ, മൊബൈൽ ടാങ്കർ യൂണിറ്റ്, ജീപ്പ്, ആംബുലൻസ്, ബ്രീത്തിങ് അപ്പാരറ്റസ് സെറ്റ്, ചെയിൻസാ, അസ്കാലൈറ്റ് തുടങ്ങിയവ വാങ്ങുകയുണ്ടായി.

(ഡി) ഇതേ കാലയളവിൽ കണ്ണൂർ ജില്ലയിലെ വിവിധ ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷനുകൾക്ക് നവീകരണ പദ്ധതിയിൽ ഉൾപ്പെടുത്തി എന്തെല്ലാം സംവിധാനങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്?

: (ഡി) ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ് വകുപ്പിലെ നവീകരണത്തിനായി വാങ്ങിയ ഉപകരണങ്ങളിൽ 3 മൊബൈൽ ടാങ്കർ യൂണിറ്റ്, 1 ജീപ്പ്, 3 ആംബുലൻസ്, 2 മോട്ടോർ സൈക്കിൾ, 17 സേഫ്ടി ബെൽറ്റ്, 1 ഫ്ളോട്ട് പമ്പ്, 15 ബ്രീത്തിംഗ് അപ്പാററ്റസ്, 13 ചെയിൻസാ, 8 എക്സ്ടിംഗ്യൂഷർ, 4 അസ്കാലൈറ്റ്, 1 സ്വിമ്മിംഗ് സ്യൂട്ട്, 1 ഗ്യാസ് ഡിറ്റക്ടർ, 5 സീറോ ടോർക് നോസിൽ, 1 റിക്കവറി വെഹിക്കിൾ, 1 ക്യൂക്ക് റെസ്പോണ്ടന്റ് വെഹിക്കിൾ, 10 ഫോം മേക്കിംഗ് ബ്രാഞ്ച് പൈപ്പ്, 2 ഡിങ്കി, 1 ഫയർ സ്യൂട്ട്, 1 ജനറേറ്റർ സെറ്റ്, 4 ഹൈഡ്രോളിക് കട്ടർ എന്നിവ കണ്ണൂർ ജില്ലയിലെ വിവിധ നിലയങ്ങൾക്ക് ലഭ്യമാക്കിയിട്ടുണ്ട്.

V.Beena

സെക്ഷൻ ഓഫീസർ